ഹദീസ്

കെ.എം സുരയ്യ
suraiyamaalik@gmail.com

# അന്ത്യയാമങ്ങളിൽ പ്രാർഥനാ നിരതരാകുന്നവർ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صلى الله عليه و سلم: لَنْ يُنَجِّيَ أَحَدًا مِنْكُمْ عَمَلُهُ، قَالُوا: وَلاَ أَنْتَ يَا رَسُولَ اللَّهِ ؟ قَالَ: وَلاَ أَنَا ، إِلاَّ أَنْ يَتَغَمَّدَنِي اللَّهُ بِرَحْمَةٍ، سَدِّدُوا، وَقَارِبُوا، وَاغْدُوا وَرُوحُوا، وَشَيْءٌ مِنَ الدُّلْجَةِ (متفق عليه و اللفظ للبخاري)

**അബൂഹുറൈറ(റ)യിൽനിന്ന്. റസൂൽ (സ) പറഞ്ഞു: 'നിങ്ങളെ ഒരാളെയും തന്റെ കർമങ്ങൾ രക്ഷപ്പെടുത്തുകയില്ല.' അപ്പോൾ സ്വഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങയെയും?' അവിടുന്ന് പറഞ്ഞു: 'ഞാനും രക്ഷപ്പെടില്ല, അല്ലാഹു തന്റെ കാരുണ്യം കൊണ്ട് എന്നെ പൊതിഞ്ഞാലല്ലാതെ. നിങ്ങൾ നേരിന്റെ പക്ഷത്ത് നിൽക്കുക, മിതത്വം പാലിക്കുക, പ്രഭാത-പ്രദോഷങ്ങളിലും രാവിന്റെ അവസാന യാമത്തിലൽപ്പവും നാഥനെ പ്രകീർത്തിക്കുക' (ബുഖാരി, മുസ്‌ലിം).**

ഇമാം ഗസ്സാലി തന്റെ 'അയ്യുഹൽ വലദ്' എന്ന ഗ്രന്ഥത്തിൽ ശിഷ്യന് നൽകുന്ന ഉപദേശങ്ങളിൽ ഇങ്ങനെ കാണാം: ആത്മജ്ഞാനത്തിലും, കർമ ശാസ്ത്രത്തിലും ഒരുപോലെ ആഗ്രഗണ്യനായിരുന്ന ജുനൈദുൽ ബഗ്ദാദിയെ മരണശേഷം ഒരാൾ സ്വപ്നത്തിൽ കണ്ടു.

'എന്താണ് വിശേഷം?' -അയാൾ ആരാഞ്ഞു.

അദ്ദേഹം പറഞ്ഞു: 'ആത്മ ജ്ഞാനവും കർമ വിദ്യയും എല്ലാം നശിച്ചു പോയി; അർധരാത്രി റബ്ബിന്റെ മുമ്പിൽ അർപ്പിച്ച സുജൂദുകൾ മാത്രമേ ഉപകാരപ്പെട്ടുള്ളൂ...!'

ഈ സ്വപ്ന കഥ നാം വിശ്വസിക്കണമെന്നില്ല. ചില തത്ത്വങ്ങൾ പഠിപ്പിക്കാൻ മെനഞ്ഞെടുത്ത കഥയാവാം. ഇതിൽ രണ്ടു സന്ദേശങ്ങളുണ്ട്. ഒന്ന്, നാം എന്താണ് പരലോകത്തേക്ക് മാറ്റിവെച്ചിട്ടുള്ളത് എന്ന ആലോചന. രണ്ട്, രാത്രിയുടെ അന്ത്യയാമത്തിൽ പ്രാർഥന നിർവഹിക്കുന്നതിന്റെ പ്രാധാന്യം. നാം ഒത്തിരി കർമങ്ങൾ ചെയ്യുന്നവരാണ്. കർമങ്ങൾക്ക് രണ്ടു തലങ്ങളുണ്ടെന്നാണ് പണ്ഡിതന്മാർ പറയുന്നത്- സ്വഹീഹ് ആവുക, ഖബൂൽ ആവുക. അല്ലാഹുവിന്റെ കൽപ്പന പ്രകാരം റസൂൽ കാണിച്ചു തന്നപോലെ ചെയ്യുമ്പോൾ കർമങ്ങൾ സ്വഹീഹാകും. എന്നാൽ, ഖബൂൽ ആകണമെങ്കിൽ അതിൽ ഇഖ്‌ലാസ്വും ഖുശൂഉം ഉണ്ടാകണം. ഇതാകട്ടെ, അത്യന്തം ശ്രമകരവുമാണ്. അപ്പോൾ പിന്നെ, കർമങ്ങൾ ചെയ്യുന്നുണ്ടെങ്കിലും 'റബ്ബേ, നീ ഇത് സ്വീകരിക്കണേ' എന്ന തേട്ടം വിശ്വാസിയുടെ മനസ്സിൽ തപിച്ചു നിൽക്കും. കരുണാവാരിധിയായ രക്ഷിതാവാകട്ടെ, ആ പ്രാർഥനകൾ കേട്ട് കർമങ്ങൾ സ്വീകരിക്കും.

പ്രാർഥനക്ക് ഏറ്റവും പറ്റിയ സമയം രാവിന്റെ അവസാന യാമമാണല്ലോ.

'എന്റെ കാരുണ്യം എന്റെ കോപത്തെ അതിജീവിക്കും' എന്ന രക്ഷിതാവിന്റെ വാക്കുകൾ മാത്രമാണ് ഒരു ദൈവദാസന് ആകെയുള്ള പ്രതീക്ഷ. രക്ഷിതാവാകട്ടെ, ദയയുടെ നൂറിൽ ഒരംശം മാത്രം ദുനിയാവിൽ നൽകി ബാക്കി മുഴുവനും പരലോകത്തേക്ക് മാറ്റി വെച്ചിരിക്കുകയുമാണ്. ഒരാൾ സന്മാർഗത്തിലായത് അയാളുടെ ശ്രേഷ്ഠതയും മഹിമയും കാരണമല്ല. അല്ലാഹുവിന്റെ കാരുണ്യം കൊണ്ടു മാത്രമാണ് അത് സംഭവിച്ചിട്ടുള്ളത്. അത് തിരിച്ചറിഞ്ഞ് നേരായ രീതിയിൽ പ്രവർത്തിക്കുകയും സത്യ മാർഗത്തിൽ ഉറച്ചു നിൽക്കുകയുമാണ് വേണ്ടത്. നബിയെ പോലും അല്ലാഹു ഓർമിപ്പിച്ചത് അതാണ്.

എന്നാൽ, ദൈവകാരുണ്യം ഉണ്ടാകുമല്ലോ എന്ന് കരുതി കർമങ്ങൾ ചെയ്യാതിരിക്കുക എന്നത് വിശ്വാസിക്ക് ഭൂഷണമല്ല. എപ്പോഴും കർമനിരതനായിരിക്കുമവൻ. അതേസയം, അമിതത്വം എന്തിലും അപകടമാണ്. ഏതു കാര്യത്തിലും മിതവും സന്തുലിതവുമായിരിക്കും വിശ്വാസിയുടെ നിലപാട്. അതോടൊപ്പം പകലിലെ പ്രവർത്തന നൈരന്തര്യം മടുപ്പും അലസതയും ഉണ്ടാക്കാതിരിക്കാൻ പ്രഭാത-പ്രദോഷങ്ങളിൽ പ്രാർഥനാ നിരതനായിരിക്കും വിശ്വാസി. രാവിലെ പ്രാർഥനയോടെ ഉണർന്ന് ജീവിതത്തിലേക്ക് കടക്കുകയും രാത്രി കർമ സമാപ്തി റബ്ബിന്റെ സമക്ഷത്തിൽ സമർപ്പിക്കുകയും ചെയ്യുമവൻ.

രാത്രിയുടെ അന്ത്യയാമങ്ങൾ, റബ്ബിനോടുള്ള ഹൃദയബന്ധം ശക്തമാക്കാനും, മനസ്സിനെ ഏകാഗ്രമാക്കാനും, തഖ്‌വയും ഈമാനും പോറലുകളില്ലാതെ നിലനിർത്താനും വേണ്ടി പ്രയോജനപ്പെടുത്തണം. എത്ര വൈകി ഉറങ്ങിയാലും രാവിന്റെ അവസാന യാമത്തിൽ റബ്ബിനോടുള്ള ഇഷ്ടത്താലും ഭയത്താലും അവരുടെ പാർശ്വങ്ങൾ വിരിപ്പിൽ നിന്ന് ഉയർന്നു വരും. ഉറക്കമുണരാൻ ശരീരവും കിനാവുകൾ മുറിക്കാൻ മനസ്സും ഒരുപോലെ അനുവദിക്കാത്ത സമയം. എന്നാൽ, ഉറക്കിനേക്കാളും മധുര സ്വപ്നങ്ങളേക്കാളും വലിയ 'ലസ്സത്തി'(ആനന്ദം)ലേക്കാണ് അവൻ ഉണർന്നെണീക്കുന്നത്. 'രാത്രിയിലെ സന്യാസിയും പകലിലെ അശ്വാരൂഢ'നുമാകേണ്ടവനാണ് ഒരു വിശ്വാസി.

'അന്ത്യ യാമങ്ങളിൽ പ്രാർഥനാനിരതരാകുന്നവർ' എന്ന് ഖുർആൻ വിശേഷിപ്പിച്ചത് ഇവരെയാണ്. കർമങ്ങൾ നിഷ്ഫലമാകുന്ന നാളിൽ ഉപകരിക്കുക ഈ നിമിഷങ്ങളാവും. ●